## പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം. നം. 2181 — 26.03.2013- ലെ മറുപടിയ്ക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ. കെ. രാധാകൃഷ്ണൻ

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

എസ്.സി.പി., റ്റി.എസ്.പി ഫണ്ടുകളുടെ വിശദാംശം

| | | |
|---|---|---|
| (എ) | 2012-13 വർഷത്തെ ബഡ്ജറ്റിൽ പട്ടിക ജാതി - വർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്കായി പ്രഖ്യാപിച്ച പദ്ധതികളുടേയും, ഈയിനത്തിൽ വകയിരുത്തിയ തുകയുടേയും വിശദാംശങ്ങൾ ലഭ്യമാക്കുമോ; | 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പട്ടിക ജാതി - വർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള വിവിധ പദ്ധതികൾക്കായി പ്രഖ്യാപിച്ച 629.75 കോടി രൂപയിൽ 621.54 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. |
| (ബി) | എസ്.സി.പി, റ്റി.എസ്.പി ഫണ്ടുകളായി അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശം ലഭ്യമാക്കുമോ; | 2012-13 വർഷത്തെ എസ്.സി.പി വിഹിതമായി 1299.21 കോടി രൂപ (പ്രത്യേക കേന്ദ്ര സഹായമായ 10 കോടി രൂപ ഉൾപ്പെടെ) ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2012-13 വർഷത്തെ റ്റി.എസ്.പി ബഡ്ജറ്റ് വിഹിതമായി 318.41 കോടി രൂപയും (പ്രത്യേക കേന്ദ്ര സഹായമായ 6 കോടി രൂപ ഉൾപ്പെടെ) വകയിരുത്തിയിട്ടുണ്ട്. |
| (സി) | ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾക്കും എസ്.സി.പി, റ്റി.എസ്.പി എന്നീ ഇനങ്ങളിലും അനുവദിച്ച തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശം ലഭ്യമാക്കുമോ; | പട്ടിക ജാതി - വർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന പദ്ധതികൾക്കായി കേന്ദ്രാവിഷ്കൃത പദ്ധതി ഉൾപ്പെടെ ഫെബ്രുവരി വരെ 1666.67 കോടി രൂപ അനുവദിച്ചതിൽ പ്രാഥമിക കണക്കുകൾ പ്രകാരം 1023.60 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. എസ്.സി.പി യ്ക്ക് 2013 ഫെബ്രുവരി വരെ 1174.99 കോടി രൂപ അനുവദിച്ചതിൽ പ്രാഥമിക കണക്കുകൾ പ്രകാരം 664.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. റ്റി.എസ്.പി യ്ക്ക് 2013 ഫെബ്രുവരി വരെ 299.59 കോടി രൂപ |

| | | |
|---|---|---|
| | | അനുവദിച്ചതിൽ പ്രാഥമിക കണക്കുകൾ പ്രകാരം 199.99 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന തുക അനുവദിക്കാതിരിക്കുകയും അനുവദിച്ച തുക ഇതുവരെ ചെലവഴിക്കാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ? | 25000 പട്ടിക ജാതി കുടുംബങ്ങൾക്ക് ടോയ്‌ലറ്റ് നിർമ്മാണം, തൊഴിൽ രഹിതരായ പട്ടിക വർഗ്ഗ യുവതികൾക്ക് ഡ്രൈവിംഗ് പരിശീലനവും ഓട്ടോറിക്ഷ വാങ്ങി നൽകലും. വിതുര കേന്ദ്രമാക്കി ആദിവാസി പാരമ്പര്യ വൈദ്യ പഠന കേന്ദ്രം, കോവിൽമല രാജമന്നന് ഒരു രാജധാനി നിർമ്മാണം, കുറ്റിച്ചൽ പഞ്ചായത്ത് കേന്ദ്രമാക്കി റസിഡൻഷ്യൽ സ്കൂൾ നിർമ്മാണം എന്നീ പദ്ധതികൾക്ക് ഒന്നാം ഉപധനാഭ്യർത്ഥനയിലൂടെ 'ന്യൂസർവ്വീസ്' നടപടിക്രമം പാലിച്ചെങ്കിലും ആവശ്യമായ തുടർ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ തുക അനുവദിച്ചിട്ടില്ല. മറ്റു പ്രഖ്യാപിച്ച പദ്ധതികൾക്ക് അനുവദിച്ച തുക ചെലവഴിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ